**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ് മാതൃകയിൽ സഹകരണ ജീവനക്കാർക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ഒരു കരട് സ്കീം തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടപ്പിൽ വരുത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചും, ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചനകൾ നടത്തി Final Package Cost നിലവിലുള്ള നിരക്കിനനുസരിച്ച് പുനർനിർണ്ണയിച്ചും, അതിനനുസരിച്ച് പ്രീമിയം തുക നിർണ്ണയിച്ചും, ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കിയും, ഗുണഭോക്തൃ വിഹിതം ആവശ്യമുണ്ടെങ്കിൽ അത് നിശ്ചയിച്ചും, സ്കീം പുനഃസമർപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി (കോയിൻസ്) സമർപ്പിച്ച ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ കരട് സ്കീമിന്മേലും നിർദ്ദേശങ്ങളിന്മേലും ധനകാര്യ/ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളുമായി ചർച്ച നടത്തുകയും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ സ്കീം, ബന്ധപ്പെട്ടവരുമായി തുടർ ചർച്ചകൾ നടത്തി തയ്യാറാക്കി സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് ഇൻഷ്വറൻസ് പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ഒരു കരട് സ്കീം തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടപ്പിൽ വരുത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചും, ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചനകൾ നടത്തി Final Package Cost നിലവിലുള്ള നിരക്കിനനുസരിച്ച് പുനർനിർണ്ണയിച്ചും, അതിനനുസരിച്ച് പ്രീമിയം തുക നിർണ്ണയിച്ചും, ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കിയും, ഗുണഭോക്തൃ വിഹിതം ആവശ്യമുണ്ടെങ്കിൽ അത് നിശ്ചയിച്ചും, സ്കീം പുനഃസമർപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി (കോയിൻസ്) സമർപ്പിച്ച ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ കരട് സ്കീമിന്മേലും നിർദ്ദേശങ്ങളിന്മേലും ധനകാര്യ/ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളുമായി ചർച്ച നടത്തുകയും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ സ്കീം, ബന്ധപ്പെട്ടവരുമായി തുടർ ചർച്ചകൾ നടത്തി തയ്യാറാക്കി സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ